2024 ജൂലൈ വകുപ്പുതല പരീക്ഷ – കാഴ്ച പരിമിതിയുള്ള ഉദ്യോഗസ്ഥർക്കായുള്ള വാചാപരീക്ഷയ്ക്കായി (Viva-voce for Visually Impaired Candidates) സാധുവായ അപേക്ഷ സമർപ്പിച്ച കോഴിക്കോട് മേഖലയിലെ ഉദ്യോഗസ്ഥർക്കായി 27.11.2024-ാം തീയതി KPSC കോഴിക്കോട് മേഖലാ ഓഫീസിൽ വച്ച് രാവിലെ 9.30-നും എറണാകുളം, തിരുവനന്തപുരം മേഖലയിലെ ഉദ്യോഗസ്ഥർക്കായി 06.12.2024-ാം തീയതി രാവിലെ 9.30-ന് യഥാക്രമം എറണാകുളം മേഖലാ ഓഫീസ്, തിരുവനന്തപുരം ആസ്ഥാന ഓഫീസ് എന്നിവിടങ്ങളിൽ വച്ച് വാചാപരീക്ഷ (Viva-voce) നടത്താൻ ബഹു. കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. പരീക്ഷാർത്ഥികൾക്ക് വാചാപരീക്ഷ സംബന്ധിച്ച മെമ്മോയും അഡ്മിഷൻ ടിക്കറ്റും ഇതിനോടകം അയച്ചുനൽകിയിട്ടുണ്ട്. 23.11.2024-നകം മെമ്മോ ലഭിക്കാത്ത കോഴിക്കോട് മേഖലയിലെ അപേക്ഷകരും, 02.12.2024-നകം മെമ്മോ ലഭിക്കാത്ത എറണാകുളം, തിരുവനന്തപുരം മേഖലയിലെ അപേക്ഷകരും വകുപ്പുതല പരീക്ഷാ വിഭാഗം ജോയിന്റ് സെക്രട്ടറിയെ ഇക്കാര്യം അറിയിക്കേണ്ടതാണ്. (ടെലഫോൺ നമ്പർ : 0471 – 2546303). പരീക്ഷാർത്ഥികൾ അസ്സൽ രേഖകളുമായി ബന്ധപ്പെട്ട പരീക്ഷാകേന്ദ്രങ്ങളിൽ മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് ഹാജരാകേണ്ടതാണ്.